# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2445** **18.06.2014 - ൽ മറുപടിക്ക്**

## കറുകുറ്റി , മൂക്കന്നൂർ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി, മൂക്കന്നൂർ എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നബാർഡിന്റെ സഹായത്തോടെ ആരംഭിച്ച 17 കോടി രൂപയുടെ സ്പാൻ പദ്ധതിയിൽ പൂർത്തികരിക്കേണ്ട പ്രവൃത്തികൾ എതെല്ലാമെന്ന് വിശദമാക്കുമോ ; | (എ) കറുകുറ്റി, മുക്കന്നൂർ പഞ്ചായത്തുകൾക്കുവേണ്ടി സ്പാൻ പദ്ധതിയിൽ ആരംഭിച്ച കുടിവെള്ള പദ്ധതിയിൽ കറുകുറ്റിയിൽ രണ്ടു സ്ഥലങ്ങളിൽ റെയിൽവേ ലൈനിന്റെ അടിയിൽകൂടി ക്രോസ് ചെയ്ത് വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികളും ജലശുദ്ധീകരണശാലയുടെ ചുറ്റുമതിൽ നിർമ്മാണവും, യാർഡ് ലെവലിംഗ് ജോലികളും പൂർത്തീകരിക്കുവാനുണ്ട്. |
| (ബി) പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ ; | (ബി) റെയിൽവേ ലൈൻ ക്രോസ് ചെയ്ത പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സമയാസമയങ്ങളിൽ റെയിൽവേയ്ക്കു നൽകിയെങ്കിലും 2013 ജൂൺ മാസത്തിലാണ് റെയിൽവേയിൽ നിന്നും ഈ ജോലികൾക്കുള്ള അനുമതി ലഭിച്ചത്. 19/11/2013-ൽ ഇതിന്റെ ടെൻണ്ടറുകൾ നടത്തിയെങ്കിലും പങ്കെടുക്കാൻ ആളില്ലാതിരുന്നതുകൊണ്ട് 17/12/2013-ൽ റീടെൻണ്ടർ ചെയ്തു. വളരെ കൂടിയ തുകയിൽ ഒരു കരാറുകാരൻ മാത്രം കോട്ടു ചെയ്തതു കൊണ്ടു 24/02/2014-ൽ വീണ്ടും റീടെണ്ടർ ചെയ്തു. ഇതിലും ഒരു കരാറുകാരൻ മാത്രം പങ്കെടുക്കുകയും വളരെ കൂടിയ തുകയിൽ കോട്ടുചെയ്യുകയും |

ചെയ്തു. അതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജലശുദ്ധീകരണശാലയ്ക്കു വേണ്ടി പഞ്ചായത്ത്, സ്വകാര്യവ്യക്തികളിൽ നിന്നും വാങ്ങി കൈമാറിയ സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് കോടതിയിലുള്ള കേസ് തീരുമാനമാകാത്തതുകൊണ്ട് ചുറ്റുമതിലും യാർഡ് ലെവലിംഗും പൂർത്തികരിക്കുവാൻ സാധിച്ചിട്ടില്ല.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കു മെന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പദ്ധതി ഭാഗികമായി 28/02/2014-ൽ കമ്മീഷൻ ചെയ്ത് പൊതുടാപ്പുകളിൽ കൂടി ശുദ്ധജലം കൊടുത്തുകൊണ്ടിരിക്കുന്നു.<br><br>റെയിൽവേ ലൈൻ ക്രോസ് ചെയ്തു പൈപ്പുകൾ സ്ഥാപിച്ചു കഴിയുമ്പോൾ റെയിൽവേ ലൈനിനു മറുവശത്തു സ്ഥാപിച്ചിരിക്കുന്ന ഏകദേശം 10 കി.മീറ്റർ പൈപ്പുകൾ ചാർജ്ജ് ചെയ്യാൻ സാധിക്കും കൂടാതെ ഇപ്പോൾ മാറ്റി സ്ഥാപിക്കുന്ന 250 മീറ്റർ പൈപ്പുകളും പാലിശ്ശേരി, എടക്കുന്നി ഭാഗത്തെ ബാക്കി 950 മീറ്ററിന് അനുമതി ലഭ്യമാക്കി ആ പൈപ്പുകളും മാറ്റി സ്ഥാപിച്ച് കഴിഞ്ഞാൽ പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ